മാതൃഭൂമി

14 September 2017

# സി.എം.എഫ്.ആർ.ഐ. യുവ ഗവേഷകരെ പരിശീലിപ്പിക്കുന്നു

കൊച്ചി: ഉപഗ്രഹ സാങ്കേതിക വിദ്യ മത്സ്യമേഖലയുടെ പുരോഗതിക്ക് എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) യുവ ഗവേഷകർക്ക് പരിശീലനം നൽകുന്നു. സർവകലാശാല അധ്യാപകർ, ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ എന്നിവരെയാണ് സി.എം.എഫ്. ആർ.ഐ. പരിശീലിപ്പിക്കുന്നത്.

ഡിസംബർ ഒന്നു മുതൽ 21 വരെ വിൻറർസ്കൂൾ പരിശീലന പരിപാടി സി.എം.എഫ്.ആർ.ഐ.യിൽ നടക്കും. പരിപാടിയിൽ പങ്കെടുക്കുന്നതിന് സർവകലാശാല-കോളേജ് അസിസ്റ്റൻറ് പ്രൊഫസർമാർ, ഗവേഷണ സ്ഥാപനങ്ങളിലെ സയൻറിസ്റ്റ് റാങ്കിലുള്ളവർ എന്നിവർക്ക് അപേക്ഷ നൽകാം. www.cbp.icar.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. 25 പേർക്കാണ് പ്രവേശനം ലഭിക്കുക. വിശദ വിവരങ്ങൾക്ക് കോഴ്സ് ഡയറക്ടർ ഡോ. ഗ്രിൻസൻ ജോർജിനെ 8547857036 എന്ന നമ്പറിൽ ബന്ധപ്പെടുക.